# ഭരണാധികാരിയുടെ യാത്ര

മുസ്‌ലിം സൈന്യം ജറൂസലം വിമോചിപ്പിച്ച സമയം, അധികാര കൈമാറ്റം നേരിട്ടാവണമെന്നും അതിനായി ഭരണാധികാരി ഖലീഫാ ഉമർ തന്നെ ജറൂസലമിൽ എത്തിച്ചേരണമെന്നും ജറൂസലം ഭരണാധികാരി ആവശ്യപ്പെട്ടപ്പോൾ ഖലീഫാ ഉമർ തന്റെ സേവകനുമായി മദീനയിൽ നിന്ന് പുറപ്പെട്ടു.

ഖലീഫ ഒട്ടക പുറത്തും സേവകൻ നടന്നുമായിട്ടാണ് യാത്ര തുടങ്ങിയത്. കുറച്ച് കഴിഞ്ഞപ്പോൾ ഖലീഫ താഴെ ഇറങ്ങുകയും സേവകനോട് ഒട്ടകപ്പുറത്ത് കയറാൻ ആവശ്യപ്പെടുകയും ചെയ്തു. ഇപ്രകാരം മാറി മാറി രണ്ടു പേരും യാത്ര തുടർന്നു. ഒടുവിൽ ജറൂസലമിൽ എത്തി.

സ്വീകരിക്കാൻ കാത്തിരുന്നവരുടെ അടുക്കലെത്തി. ഖലീഫാ ഉമ





റാണ് ഒട്ടകപ്പുറത്തിരിക്കുന്നതെന്ന് കരുതി സേവകനെ സ്വീകരിക്കാൻ അവർ ഒരുമ്പെട്ടു.

സഹചാരി അവരോട് വിളിച്ചു പറഞ്ഞു. ക്ഷമിക്കണം ഞാനല്ല ഖലീഫാ ഉമർ. വാഹനത്തിന്റെ കൂടെ നടക്കുന്ന ആളാണ്. ഞാൻ ഖലീഫയുടെ സേവകനാണ്. മദീന മുതൽ ഇവിടെ വരെ ഞങ്ങൾ ഊഴം വെച്ചാണ് യാത്ര ചെയ്തത്.

അപ്രകാരം ഇവിടെ എത്തിയപ്പോൾ എന്റെ ഊഴമായിരുന്നു. അതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ഖലീഫാ ഉമറിനെ അവർ കൊട്ടാരത്തിലേക്ക് സ്വീകരിച്ചു. ഖലീഫയുടെ ഈ പ്രവർത്തനം ജറൂസലം ഭരണാധികാരികളെ അദ്ഭുതപ്പെടുത്തി.

പുനരാഖ്യാനം:
**കെ.പി. ബഷീർ**

